(സി) ഇതു സംബന്ധിച്ച് ഒരു സമിതിയുടെ ശുപാർശ പ്രകാരം വിജിലൻസ് ബ്യൂറോയിലെ അന്വേഷണ ഉദ്യോഗസ്ഥരുടെ കുറഞ്ഞ സേവനകാലം മൂന്ന് വർഷമാണ്.

(ഡി) ഉദ്യോഗസ്ഥരുടെ ജോലി നിർവഹണത്തിലെ കഴിവ് പരിഗണിച്ചും അവരുടെ സേവനം ബ്യൂറോയ്ക്ക് ആവശ്യമായതിനാലും ബ്യൂറോയിൽ തുടരുന്നതിൽ അവർ തൽപ്പരരായതിനാലും ആണ് ഈ തസ്തികയിൽ തുടരാൻ അനുവദിക്കുന്നത്.

പോലീസ് അസോസിയേഷന്റെ ഭാരവാഹികൾ

101(1588) ശ്രീ. കെ. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1991-96 കാലയളവിൽ സംസ്ഥാന പോലീസ് അസോസിയേഷന്റെ ഭാരവാഹികൾ ആരെല്ലാമായിരുന്നു;

(ബി) ഈ ഗവൺമെന്റ് നിലവിൽവന്ന ശേഷം അവരിൽ ഓരോരുത്തരേയും എത്ര പ്രാവശ്യം വീതം സ്ഥലം മാറ്റി;

(സി) സ്ഥലം മാറ്റപ്പെട്ടവരിൽ എത്ര പേർ കോടതിയെ സമീപിച്ചു; ആരെല്ലാം;

(ഡി) ഇവരെ സ്ഥലം മാറ്റുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമായിരുന്നു;

(ഇ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഓരോ സ്റ്റേഷനിലും എത്രകാലം വീതം അവരെ ജോലി ചെയ്യാൻ അനുവദിച്ചിട്ടുണ്ട്?

ഉത്തരം

(എ) 1991-96 കാലത്ത് പോലീസ് അസോസിയേഷന്റെ ഭാരവാഹികളുടെ പേര് വിവരം താഴെ കൊടുക്കുന്നു.

പ്രസിഡന്റ്	-	ശ്രീ. ബാലകൃഷ്ണൻ പുതിയേടത്ത്
വൈ. പ്രസിഡന്റ്	-	ശ്രീ. എം.കെ. ജയദേവൻ
ജനറൽ സെക്രട്ടറി	-	ശ്രീ. കെ. ശ്രീകുമാർ
ജോയിന്റ് സെക്രട്ടറി	-	ശ്രീ. രാമകൃഷ്ണൻ
ട്രഷറർ	-	ശ്രീ. രാജേന്ദ്ര ബാബു

(ബി) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം അവരിൽ ഓരോരുത്തരേയും സ്ഥലം മാറ്റിയത് സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) കോടതിയെ സമീപിച്ചതായി അറിവില്ല.

(ഡി) മൂന്നുവർഷം തുടർച്ചയായി ഒരു സ്റ്റേഷനിൽ പ്രവൃത്തിയെടുത്തവരെ മറ്റു സ്റ്റേഷനിലേക്ക് മാറ്റി നിയമിക്കരുതെന്ന വ്യവസ്ഥയ്ക്ക് വിധേയമായും സ്ഥിരം മാറ്റത്തിന് വേണ്ടിയുള്ള അപേക്ഷയിൻമേലും ഭരണപരമായ

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സൗകര്യത്തിനുവേണ്ടിയും പൊതു താൽപര്യപ്രകാരവുമാണ് ഇവരെ സ്ഥലം മാറ്റിയിട്ടുള്ളത്.

(ഇ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഓരോ സ്റ്റേഷനിലും അവർ ജോലിചെയ്ത കാലയളവ് സംബന്ധിച്ച വിവരം അനുബന്ധത്തിൽ കൊടുത്തിട്ടുണ്ട്.

കൊയിലാണ്ടിയിൽ ഫ്ളൈയിംഗ് സ്കാഡ്

102(1589) ശ്രീ. പി. വിശ്വൻ : താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കൊയിലാണ്ടി താലൂക്ക് കേന്ദ്രമായ കൊയിലാണ്ടിയിൽ ഫ്ളൈയിംഗ് സ്കാഡ് പ്രവർത്തനം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

സംസ്ഥാനത്തെ എല്ലാ താലൂക്ക് ആസ്ഥാനങ്ങളിലും ഫ്ളൈയിംഗ് സ്കാഡ് സംവിധാനം ആരംഭിക്കുന്നതിന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. അതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

ക്രൈം റെക്കോർഡ് ബ്യൂറോയുടെ കീഴിലുള്ള മൊബൈൽ ലബോറട്ടറികൾ

103(1590) ശ്രീ. തമ്പാനൂർ രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാന ക്രൈം റെക്കോർഡ് ബ്യൂറോയുടെ കീഴിൽ ജില്ലാ ക്രൈം റെക്കോർഡ് ബ്യൂറോകളിൽ എത്ര മൊബൈൽ ലബോറട്ടറികൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ലബോറട്ടറികളിൽ സയന്റിഫിക് അസിസ്റ്റന്റുമാരുടെ തസ്തിക നിലവിലുണ്ടോ; എങ്കിൽ എത്ര;

(സി) ഇവ ഏതെല്ലാം ജില്ലകളിൽ ഏതെല്ലാം ഡിവിഷനുകളിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന ക്രൈം റെക്കോർഡ് ബ്യൂറോയുടെ കീഴിൽ '17' പോലീസ് ജില്ലകളിലും ജില്ലാ ക്രൈം റിക്കാർഡ് ബ്യൂറോകളിൽ ഓരോ പോലീസ് മൊബൈൽ ലബോറട്ടറികൾ പ്രവർത്തിക്കുന്നു. ഇവയിൽ കൊല്ലം ജില്ലയിലെ മൊബൈൽ ലബോറട്ടറി, വാഹനം ഉപയോഗം പുതുതായി കണ്ടം ചെയ്തതിനാൽ ഇപ്പോൾ പ്രവർത്തിക്കുന്നില്ല.

(ബി) ഉണ്ട്. 17 സയന്റിഫിക് അസിസ്റ്റന്റുമാരുടെ തസ്തികകൾ.

(സി) 17 പോലീസ് ജില്ലകളിലായി നിലവിലുള്ള 17 സയന്റിഫിക് അസിസ്റ്റന്റ് തസ്തികകളെ താഴെ പറയുന്ന ഡിവിഷനുകളുമായി തരം തിരിച്ചിട്ടുണ്ട്.

ബയോളജി ഡിവിഷൻ – 4 തസ്തികകൾ

LIBRARY ARCHIVES Kerala Legislative Assembly